പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3846 21.06.2019 ലെ മറുപടിക്ക്

**കയർ മേഖലയിൽ ക്രയവില സ്ഥിരതാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കി നവീനമായ ഉല്പന്നങ്ങൾ സൃഷ്ടിച്ച് കയർ വ്യവസായത്തെ വിപുലീകരിക്കാൻ നടപടികൾ സ്വീകരിക്കുമ്പോൾ തന്നെ ഈ മേഖലയിൽ പണിയെടുക്കുന്ന പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | എ) കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി ചകിരിയുടേയും, കയറിന്റെയും, കയറുല്പന്നങ്ങളുടേയും ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തന്മൂലം കയർ മേഖലയിലെ തൊഴിലാളികളുടെ പ്രവർത്തിദിനങ്ങൾ കൂടുകയും ആളോഹരി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 01.01.2019 മുതൽ ഉയർത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വിഹിതമായി ഇൻകം സപ്പോർട്ട് പദ്ധതിയിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷം 15.07 കോടി രൂപ നൽകിയിരുന്ന സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 22.64 കോടി രൂപ നൽകുന്നതിനും സാധിച്ചു<br><br>കയർ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്ന പദ്ധതികളാണ് പ്രധാനമായും കയർ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇലക്ട്രോണിക് റാട്ടുകളുടെ ആവിർഭാവത്തോടുകൂടി സംഘങ്ങളിൽ സ്ഥല ലഭ്യത ഇല്ലാത്ത സാഹചര്യങ്ങളിൽ പ്രസ്തുത റാട്ടുകൾ അംഗങ്ങൾക്ക് അവരവരുടെ വാസസ്ഥലങ്ങളിൽ സജ്ജീകരിക്കുന്നതിനും തൊഴിലിൽ ഏർപ്പെടുന്നതിനും സാധിക്കുന്ന താണ്. കയർതൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| | **പി.എം.ഐ (പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ്)**<br>പി.എം.ഐ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റി-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.<br><br>**മാനേജീരിയൽ സബ് സിഡിയും ഗ്രാറ്റുവിറ്റിയും**<br>സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-2019 സാമ്പത്തിക വർഷം 2,51,90,500/- രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.<br>പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെൻറ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 01/04/2006 മുതൽ 31/07/2018 വരെയുള്ള കാലയളവിൽ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്കും തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ ആകെ 4,53,89,516/-രൂപ അനുവദിക്കുകയുണ്ടായി.<br><br>**കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്**<br>2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ 84,12,00,000/- രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, |

| | |
|---|---|
| | വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാൻറ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി മുഖേന 10 കോടി രൂപയും അധിക ധനാനുമതി വഴി ലഭിച്ചിട്ടുള്ള 18,17,06,000/- രൂപയും കയർ തൊഴിലാളികൾക്ക്, ക്ഷേമനിധി ബോർഡ് മുഖേന 2018 ഓഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.<br>കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പെൻഷൻ തുക 600/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക 1000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ചു. 41,400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരികയും ചെയ്യുന്നു. |
| ബി) പരമ്പരാഗത മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന കയറും കയർ ഉല്പന്നങ്ങളും മെച്ചപ്പെട്ട വില നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി ഈ സർക്കാർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ ക്രയവില സ്ഥിരതാ പദ്ധതി കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിജയകരമായി നടപ്പാക്കി വരുന്നു. വികേന്ദ്രീകരിക്കപ്പെട്ടുപോയ കയർ വ്യവസായ രംഗത്തെ ഏകോപിപ്പിക്കുന്നതിനും കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പുവരുത്തുന്നതിനും ചെറുകിട കയർ ഉൽപ്പന്ന നിർമാതാക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്കുള്ള ന്യായവില ലഭ്യമാക്കുന്നതിനും കയർ കയറ്റുമതിക്കാർക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അതോടൊപ്പം വ്യാവസായിക പ്രോത്സാഹനമായി ഇൻസെൻറീവുകൾ നൽകുന്നതിനും സർക്കാർ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷം ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിന് സബ്സിഡിയായി 29.42 കോടിയും കയർ കോർപ്പറേഷന് സബ്സിഡിയായി 30 കോടിയുമുൾപ്പെടെ ആകെ 59.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിനകൂലിയുടെ ഒരു ഭാഗം സർക്കാർ | സി) പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളെ മുൻനിറുത്തി വരുമാനം ഉറപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

| | |
|---|---|
| വിഹിതമായി നൽകുന്നതിന് വരുമാനം ഉറപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 350/- രൂപയുടെ ഒരു ഭാഗം, പരമാവധി 110/-രൂപ, സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. പ്രതിദിന കൂലി 300/- രൂപയിൽ നിന്ന് 350/- രൂപയായി 01.01.2019 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ഡി) പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. ഈ ലക്ഷ്യത്തോടെയാണ് അന്താരാഷ്ട്ര കയർ മേളയായ "കയർ കേരള 2017" -ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ടത്. കേരളത്തിലെ കയർ മേഖലയെ സംബന്ധിച്ച് കയർപിരി രംഗത്തെയും ഉത്പ്പന്ന രംഗത്തെയും തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന തൊഴിലവസരങ്ങൾക്കു പുറമെയാണ് ഈ പദ്ധതി നടപ്പാക്കലിലൂടെ വർദ്ധിച്ച തൊഴിൽദിനങ്ങൾ സാധ്യമായത്.<br><br>കയർഫെഡിൽ സ്റ്റോക്ക് ഉണ്ടായിരുന്ന മുഴുവൻ കയറും വിറ്റഴിക്കാൻ കഴിഞ്ഞു എന്ന് മാത്രമല്ല വാങ്ങലിന്റെയും വിൽപ്പനയുടെയും കാര്യത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാനും കഴിഞ്ഞു. ഇത് കയർ മേഖലയിൽ തൊഴിൽദിനങ്ങൾ വർദ്ധിച്ച എന്നതിന്റെ തെളിവാണ്. നിലവിലെ സാഹചര്യത്തിൽ കയർഫെഡിൽ കയർ കെട്ടിക്കിടക്കുന്നില്ല. കൂടാതെ സംഘങ്ങളിൽ നിന്നും കയർ സംഭരിക്കുമ്പോൾ തന്നെ കയറിന്റെ വില നൽകാനും സാധിക്കുന്നു.<br><br>01.01.2019 മുതൽ കയർ തൊഴിലാളികളുടെ അംഗീകൃത വേതനം 350/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരമുള്ള തുക വിതരണത്തിലെ വർദ്ധനവും തൊഴിൽദിനങ്ങളിലെ വർദ്ധനവിന്റെ തെളിവാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികളുടെ തൊഴിൽദിനങ്ങളും കൂലിയും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 200 ദിവസത്തെ തൊഴിലും മിനിമം |

| | |
|---|---|
| | ക്ലലിയും യാഥാർഥ്യമാകുന്നത് കയർ രണ്ടാം പുന:സംഘടന പൂർത്തിയാകുന്നതോടെ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ